## കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 26 വെള്ളി**

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

### ജില്ലാ പഞ്ചായത്ത് യോഗം
# ഷീലോഡ്ജ് കം കുടുംബശ്രീ പരിശീലന കേന്ദ്രത്തിന് ആഗസ്റ്റിൽ തറക്കല്ലിടും

ജില്ലാ പഞ്ചായത്തിന്റെ അഭിനമാന പദ്ധതികളിലൊന്നായ ഷീലോഡ്ജ് കം കുടുംബശ്രീ പരിശീലന കേന്ദ്രത്തിന് അടുത്ത മാസം തറക്കല്ലിടും. വള്ളത്തോൾ നഗർ പഞ്ചായത്ത് സംഭാവന ചെയ്ത ഭൂമിയിൽ അഞ്ച് കോടി രൂപ ചെലവിലാണ് ഷീലോഡ്ജ് കം കുടുംബശ്രീ പരിശീലന കേന്ദ്രം നിർമ്മിക്കുന്നത്. നാല് നിലകളിലായി വിഭാവനം ചെയ്ത കെട്ടിടത്തിന്റെ രണ്ട് നിലകളാണ് ആദ്യഘട്ടത്തിൽ പൂർത്തിയാവുക. ഇതിന് ഒന്നരകോടി രൂപ മാറ്റിവച്ചതായി ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് അറിയിച്ചു. ജില്ലാ പഞ്ചായത്ത് യോഗത്തിന് ശേഷം സംസാരിക്കുകയായിരുന്നു അവർ.

ബാലസൗഹൃദ ജില്ല പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് 3 ലക്ഷം രൂപ വിതം നൽകും. 2994300 രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. ജലരക്ഷ ജീവരക്ഷ പദ്ധതിയുടെ ഭാഗമായി കിണർ റീച്ചാർജ്ജിംഗിന് മുപ്പത് ലക്ഷം രൂപ വകയിരുത്തി. ആദ്യം ആവശ്യപ്പെടുന്ന പഞ്ചായത്തുകൾക്ക് പരമാവധി 2 ലക്ഷം രൂപ വരെ നൽകും. ജലാശയ ജലസ്രോതസ്സുകളുടെ നവീകരണത്തിന് ഒരു കോടി ഇരുപത്തയഞ്ച് ലക്ഷം രൂപ വകയിരുത്തി. ആദ്യം ആവശ്യപ്പെടുന്ന പഞ്ചായത്തുകൾക്ക് പരമാവധി 5 ലക്ഷം രൂപ വരെ നൽകും.

വിജ്ഞാനസാഗറിൽ ഒരു കോടി രൂപ ചെലവിൽ ത്രീഡി തീയേറ്റർ സ്ഥാപിക്കും. ഇതിന് നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തി. നീന്തൽ കുളങ്ങളുടെ പുനരുദ്ധാരണത്തിനായി 25 ലക്ഷം വകയിരുത്തി. ആദ്യം ആവശ്യപ്പെടുന്ന പഞ്ചായത്തുകൾക്ക് അഞ്ച് ലക്ഷം രൂപ വരെ നൽകും. പൊതുശ്മശാന നിർമ്മാണ അറ്റകുറ്റപ്പണി എന്നിവയ്ക്കായി നാൽപത് ലക്ഷം രൂപ വകയിരുത്തി ആദ്യം ആവശ്യപ്പെടുന്ന പഞ്ചായത്തുകൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ നൽകും.

ലൈഫ് മിഷൻ ഭവന പദ്ധതിക്കായി 891000 രൂപ വകയിരുത്തി. ഒരു വീടിന് 25000 രൂപ എന്ന നിരക്കിലാണിത്.

വയോജന സൗഹൃദ ജില്ലാ പദ്ധതിയുടെ സുശാന്തം ത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന കെട്ടിടം പണി ഒളരിക്കരയിൽ പൂർത്തീകരിച്ചു വരുന്നതായും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അറിയിച്ചു.

യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശ്, സ്ഥിരം സമിതി ചെയർപേഴ്സൺമാരായ എം പത്മിനി, ജെന്നി ടീച്ചർ, മഞ്ജുളാരുണൻ, കെ ജി ഡിക‌സ്ൺ എന്നിവരും ജില്ലാ പഞ്ചായത്ത് അംഗങ്ങളും പങ്കെടുത്തു.